## അടിയന്തരപ്രമേയം

### സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ നിറുത്തലാക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: സംസ്ഥാനത്ത് വിജയശതമാനം നാൽപതിൽ താഴെയുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടാൻ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്ഥാപിച്ചതിനുശേഷവും അത്തരം കോളേജുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ടിരിക്കുന്നതുമൂലം വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാകുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, എ.എ.അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ബഹുമാനപ്പെട്ട ഹൈക്കോടതി കഴിഞ്ഞ ദിവസം പുറപ്പെടുവിച്ച വിധി ഗവണ്മെന്റിന് ഇതുവരെ ഔദ്യോഗികമായി ലഭിച്ചിട്ടില്ല. പത്രങ്ങളിൽ വന്ന വാർത്തകൾ മാത്രമാണുള്ളത്. രണ്ട് ദിവസത്തിനകം കോടതിവിധി ലഭിക്കും. കോടതി വിധി ലഭിച്ചു കഴിഞ്ഞാൽ വിധിയിൽ പറയുന്നതനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട കോടതി ക്വാളിറ്റി ഡീഗ്രേഡ് ചെയ്യുന്നതിനെ സംബന്ധിച്ച് പരാമർശിക്കുകയും അതിനുവേണ്ട നടപടികൾ എടുക്കണമെന്ന് ഗവണ്മെന്റിനോട് നിർദ്ദേശിക്കുകയും ചെയ്തു. പക്ഷേ, കഴിഞ്ഞ ഗവണ്മെന്റ് എന്തെങ്കിലും ചെയ്തതായി രേഖയിൽ കാണുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

ആദ്യംതന്നെ ഡോ. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ ഒരു ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർ അടങ്ങുന്ന സംഘമായിരുന്നു ഇൻസ്പെക്ഷൻ കമ്മിറ്റിയിൽ ഉണ്ടായിരുന്നത്. കമ്മിറ്റി അംഗങ്ങൾ സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും സന്ദർശിച്ച് ഫാക്കൽറ്റി, ലബോറട്ടറി സൗകര്യങ്ങൾ, ഇൻഫ്രാട്രക്ചർ എന്നിവയെ അടിസ്ഥാനമാക്കി ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് സർക്കാർ കോടതയിൽ കൊടുക്കുകയും ചെയ്തു. കോടതി ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത കോളേജുകളിലെ വിജയശതമാനം അതാത് യൂണിവേഴ്സിറ്റികളിൽനിന്നും ശേഖരിച്ച് സമർപ്പിക്കുകയും ചെയ്തു. ഇതിനോടൊപ്പംതന്നെ സർക്കാർ തലത്തിൽ ഇക്കാര്യങ്ങൾ വിലയിരുത്താൻവേണ്ടി G.O(Rt)No1968/11/HEdn. പ്രകാരം ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചു. പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഈ കമ്മിറ്റിയിൽ ഐസറിന്റെ ഡയറക്ടർ, മുൻ ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, ഇപ്പോഴത്തെ ഡി.സി.ഇ., എ.ഐ.സി.സി. –യുടെ റെപ്രസന്റേറ്റീവ്, യൂണിവേഴ്സിറ്റി റെപ്രസന്റേറ്റീവ്, എൻട്രൻസ് കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കമ്മിറ്റി ഇൻസ്പെക്ഷൻ റിപ്പോർട്ട് പരിശോധിക്കുകയും അതനുസരിച്ച് റിപ്പോർട്ടിൽ പരാമർശിച്ച കോളേജുകളുടെ പ്രതിനിധികളെ നേരിട്ട് വിളിച്ചുവരുത്തി തെളിവെടുപ്പ് നടത്തുകയും അതിനുശേഷം G.O(Rt)No.217/12/HEdn. ആയി ഗവണ്മെന്റ് ഉത്തരവ് ഇറക്കുകയും ചെയ്തു. പ്രസ്തുത സർക്കാർ ഉത്തരവനുസരിച്ച് ഇപ്പോഴുള്ള കോളേജുകൾക്ക് പുതിയ കോഴ്സുകൾ, പുതിയ ഇൻടേക്ക്, അപ്രൂവൽ എന്നിവ അനുവദിക്കുന്നതിന് നിശ്ചിത വിജയശതമാനം നിർബന്ധ

മാക്കിയിട്ടുണ്ട്. മാത്രവുമല്ല, പുതിയ കോളേജുകൾ അനുവദിക്കുന്നതിന് മുമ്പ് സർക്കാർ തലത്തിലുള്ള ഇൻസ്പെക്ഷൻ കൂടി നടത്താനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ എം.ടെക് ഉള്ള ഫാക്കൽറ്റിയുടെ അഭാവം നമുക്കുണ്ട്. അതുകൊണ്ടുതന്നെ ഇപ്പോൾ സംസ്ഥാനത്ത് G.O(Rt)No.914/12/HEdn പ്രകാരം പുതിയ എം.ടെക് കോഴ്സുകൾ ഗവണ്മെന്റ് അനുവദിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിൽ പത്തോളം എം.ടെക്. കോഴ്സുകൾ ആരംഭിച്ചു. കാരണം, കുട്ടികളെ പഠിപ്പിക്കാൻ എം.ടെക്. യോഗ്യതയുള്ള അദ്ധ്യാപകർ വേണമെന്നുള്ളതുകൊണ്ടാണ് അങ്ങനെയൊരു തീരുമാനം ഗവണ്മെന്റ് എടുത്തിട്ടുള്ളത്. ഹൈക്കോടതിയുടെ വിധി ലഭിച്ചതിനുശേഷം, പത്രങ്ങളിൽ വന്ന വാർത്ത ശ്രീ. ശ്രീരാമകൃഷ്ണൻ ഉന്നയിച്ചതുപോലെയല്ല. കോളേജുകൾ അടച്ചുപൂട്ടാൻ പറഞ്ഞു എന്നാണ് അദ്ദേഹം പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത്. പക്ഷേ, പത്രങ്ങളിൽ വന്നിട്ടുള്ളത് ഇൻസ്പെക്ഷൻ റിപ്പോർട്ട് പരിശോധിക്കുകയും രണ്ട് മാസത്തിനുള്ളിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാവശ്യപ്പെടണമെന്നാണ്. അടച്ചുപൂട്ടണമെന്ന ഒരു വാക്ക് പത്രങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് വന്നിട്ടില്ല. ഹൈക്കോടതിയുടെ വിധിപ്പകർപ്പ് ലഭിച്ചതിനുശേഷം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ പൂട്ടുക എന്നുപറഞ്ഞാൽ അതിൽ ധാരാളം ഇംപ്ലിക്കേഷൻസുണ്ട്. രാഷ്ട്രീയതലത്തിലും സർക്കാർതലത്തിലും പരിശോധിച്ച് കൂട്ടായി ഇക്കാര്യത്തിൽ എങ്ങനെ മുന്നോട്ടു പോകാമെന്ന് നമുക്ക് തീരുമാനിക്കാം.

ശ്രീ. പി. ശ്രീരമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി പറഞ്ഞതുപോലെ കാര്യങ്ങൾ അത്ര ലാഘവത്തോടുകൂടി കാണേണ്ട താണെന്ന് തോന്നുന്നില്ല. ഈ സഭയിൽ 14–6–2012–ൽ കിട്ടിയ ഒരു ഉത്തരത്തിൽ, സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ പരിശോധന യ്ക്കുശേഷമുള്ള റിപ്പോർട്ട് കിട്ടിയതായിട്ട് അറിയിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് അദ്ദേഹം ഇവിടെ പറഞ്ഞത് പുതിയതായി എം.ടെക്. കോഴ്സുകൾ ആരംഭിക്കാൻ പോകുന്നു എന്നാണ്. നിലവിലുള്ള തകരാറുകൾ പരിശോധിക്കാൻ പുതിയ കോഴ്സുകൾ കൊടുക്കുക എന്നത് ആ മേഖലയിലേയ്ക്ക് കൂടുതൽ കച്ചവട ത്തിന് സൗകര്യം കൊടുക്കുക എന്ന നിബന്ധന ഒരു പരിഹാരമാർഗ്ഗമായാണ് അദ്ദേഹം ഇവിടെ പറഞ്ഞതായിട്ടാണ് കാണുന്നത്. കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസരംഗം കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെയും വിദ്യാഭ്യാസ സാന്ദ്രതയുടെയും വിദ്യാഭ്യാസ നിലവാരത്തിന്റെയും മരണമണി മുഴക്കുന്ന തിന്റെ അപായസൂചനയാണ് ഹൈക്കോടതിയുടെ ഈ വിധിയിലൂടെ പുറത്തു വന്നിട്ടുള്ളത്. 2008–11 വരെയുള്ള കാലയളവിൽ 40 ശതമാനം വിജയം നേടാനാകാത്ത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുകയോ താത്ക്കാലികമായി പ്രവേശനം നിറുത്തവയ്ക്കുകയോ ചെയ്ത് അവരുടെ നിലവാരം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഹൈക്കോടതി വിധിയുടെ അന്തസത്ത. ജസ്റ്റീസുമാരായ സി.എൻ. രാമചന്ദ്രൻ നായർ, ബാബു മാത്യു, പി. ജോസഫ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചാണ് ആ വിധി പ്രസ്താവിച്ചത്. നിലവാരമില്ലാത്ത കോളേജുകളിൽ പഠിക്കുന്ന കുട്ടികളെ മറ്റ് കോളേജുകളിലേയ്ക്ക് മാറ്റി പരിഹാരം കാണണ

മെന്ന് കോടതി പറഞ്ഞിട്ടുണ്ട്. കോടതി നിശ്ചയിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിലാണ് ഈ നിഗമനം. ഈ നിഗമനം ശൂന്യതയിൽ നിന്നും വന്നതല്ല. പത്തുവർഷം മുമ്പ് കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ വിജയശതമാനം 90 ശതമാനം ആയിരുന്നു. ഇപ്പോൾ അത് നാല് ശതമാനത്തിലേയ്ക്കുവരെ താഴുന്ന കോളേജുകളുണ്ട്. ഈ വിധി നടപ്പിലായാൽ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും പൂട്ടേണ്ടിവരും. സ്വകാര്യ സർക്കാർ മേഖലയിൽ 134 എഞ്ചിനീയറിംഗ് കോളേജുകളും രണ്ടേകാൽ ലക്ഷം കുട്ടികളും അരലക്ഷം സീറ്റുകളുമുണ്ട്. ഈ സീറ്റുകളിൽ പലതും ഒഴിഞ്ഞുകിടക്കുകയാണ്. ഈ സാഹചര്യത്തിൽ പുതിയ കോളേജുകളുടെയും സീറ്റുകളുടെയും കോഴ്സുകളുടെയും പ്രസക്തി ഇല്ലായെന്നാണ് കോടതി നിരീക്ഷിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ എൺപത്-എൺപത്തിയഞ്ച് ശതമാനം കോളേജുകളിലും വിജയശതമാനം നാല്പത് ശതമാനത്തിൽ താഴെയാണ്. പത്ത് ശതമാനത്തിൽ താഴെ വിജയമുള്ള ആറ് കോളേജുകളും പത്തിനും ഇരുപതിനും ഇടയിൽ വിജയശതമാനമുള്ള 15 കോളേജുകളും 30-നും 40-നും ഇടയിൽ വിജയശതമാനമുള്ള 30 കോളേജുകളും 50 ശതമാനത്തിന് താഴെ വിജയശതമാനമുള്ള 20 കോളേജുകളുമാണുള്ളത്. കേരളത്തിന്റെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ അത്യപൂർവ്വമായ നിലവാരത്തകർച്ചയാണ് കോടതി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഈ വിഷയത്തെ സർക്കാർ എങ്ങനെയാണ് സമീപിക്കേണ്ടത്; ലാഘവത്തോടുകൂടി എം.ടെക്. കോഴ്സുകൾ അനുവദിച്ച് പരിശോധിക്കേണ്ട വിഷയമാണോ; ഇക്കാര്യത്തിൽ

സർക്കാർ നിലപാടെന്താണ്; എ.ഐ.സി.ടി.ഇ–യുടെ നോംസ് ഇവർ പാലിക്കുന്നുണ്ടോ? എ.ഐ.സി.ടി.ഇ നോംസ് പ്രകാരം കോളേജുകൾക്ക് 10 ഏക്കർ സ്ഥലം വേണം. പി.എച്ച്.ഡി.–യുള്ള പ്രിൻസിപ്പൾ വേണം. ചുരുങ്ങിയത് നാല് പ്രൊഫസർമാർക്ക് പി.എച്ച്.ഡി. ഉണ്ടായിരിക്കണം. 1:15 ടീച്ചേഴ്സ് റേഷ്യോ പാലിച്ചിരിക്കണം. ഒരു വിദ്യാർത്ഥിക്ക് കെട്ടിടത്തിൽ 12 സ്ക്വയർ മീറ്റർ സൗകര്യം വേണം. 240 കുട്ടികൾ പഠിക്കുന്ന കോളേജുകളാണ് ആരംഭിക്കുന്നത്. ഇത്തരത്തിലുള്ള നിബന്ധനയെക്കുറിച്ചുള്ള പരിശോധനകൾ നടക്കുന്നുണ്ടോ? കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ 28 ശതമാനം മാത്രമാണ് കഴിഞ്ഞ വർഷം വിജയിച്ചത്. ഇത് കോടതിയുടെ മാത്രം നിരീക്ഷണമല്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 24 കോളേജുകൾ പരിശോധിച്ചപ്പോൾ 5 കോളേജുകളിൽ മാത്രമാണ് നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകർ പഠിപ്പിക്കുന്നതെന്നാണ് കണ്ടെത്തിയത്. വളരെ ദുരൂഹമായിട്ടുള്ള നിലയിലാണ് കേരളത്തിലെ പല കോളേജുകളും പ്രവർത്തിക്കുന്നത്. ഈ റിപ്പോർട്ട് സംബന്ധിച്ച് നിബന്ധനകൾ പാലിക്കാത്തവർക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ കർശന നിയന്ത്രണമെന്നാണ് ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്. എന്ത് നിയന്ത്രണമാണ് പാലിക്കുന്നത്? ഏതെങ്കിലും നിയന്ത്രണവും നിബന്ധനയും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ടോ? ചോദിക്കുന്നവർക്കെല്ലാം കോഴ്സുകളും കോളേജുകളും അനുവദിക്കുന്ന സമീപനം തുടരുകയാണ്. വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ എയ്ഡഡ് മേഖലയുടെ പ്രവർത്തനങ്ങളെ കാണാതെ, അത് മുഴുവൻ ഈ സമൂഹത്തിന് ഗുണം ചെയ്തിട്ടില്ല എന്ന നിലയിലല്ല പറഞ്ഞുകൊണ്ടിരിക്കുന്നത്. പക്ഷേ, വിദ്യാ

ഭ്യാസ രംഗത്തെ പ്രവർത്തനവും കഴുകൻ കണ്ണുകളോടെയുള്ള വിദ്യാഭ്യാസ കച്ചവടവും രണ്ടും രണ്ടുതന്നെയാണ്. ഇവിടെ മിഷണറിമാരുടെ പ്രവർത്തനവും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനവും ഉണ്ടായിട്ടുണ്ട്, അവ രെല്ലാം കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് നല്ല സഹായം നൽകി യിട്ടുണ്ട്. എന്നാൽ ഇവിടത്തെ സ്ഥിതി മറിച്ചാണ്. ഇവിടെ വന്ന കോളേജുക ളിൽ ചില കോളേജുകൾ മാതൃകാപരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. കളമശ്ശേരി എസ്.ഇ.എം.എസ്, പാലാ സെന്റ് ജോസഫ്, കൊച്ചി രാജഗിരി, തലക്കോട്ടുകര വിദ്യാ അക്കാഡമി, കുറ്റിപ്പുറം എം.ഇ.എസ്., ചെറുതുരുത്തി ജ്യോതി, കെ.എം.സി.റ്റി കോഴിക്കോട്, ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയ കോളേജുകൾ നല്ല നിലവാരമുള്ളതായിട്ട് കോടതി തന്നെ നിരീക്ഷി ച്ചിട്ടുണ്ട്. കച്ചവടലക്ഷ്യത്തോടെ കഴുകൻ കണ്ണുകളുമായി വരുന്ന വിദ്യാ ഭ്യാസ സ്ഥാപനങ്ങളോടുള്ള ഈ സർക്കാരിന്റെ സമീപനമെന്താണ്; സർക്കാർ ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ടോ? അതാണ് ഇവിടെ ഉയർന്നു വരേണ്ടത്. ഹൈക്കോടതി ഇങ്ങനെ ഒരു നിരീക്ഷണം നടത്തിയ സാഹചര്യത്തിൽ ആരെയും ഭയപ്പെടാതെ, ഞങ്ങളെ ആരും തൊടാൻ പോകുന്നില്ല എന്ന ധിക്കാരത്തോടെ എങ്ങനെയാണ് എഞ്ചിനീയറിംഗ് കോളേജുകൾക്ക് പ്രവേശനം തുടരാനുള്ള അധികാരം കിട്ടുന്നത്? പൊതുവിദ്യാഭ്യാസത്തിന്റെ മരണമണി അടിക്കുന്ന വിദ്യാഭ്യാസ കച്ചവടക്കാരുടെ പെട്ടിതൂക്കിയായി കേര ളത്തിലെ വിദ്യാഭ്യാസ മന്ത്രി മാറാൻ പാടുണ്ടോ? ദേശീയ ഏകീകൃത പരീക്ഷ യിൽ നിന്ന് കേരളം വിട്ടുനിന്നു. ദേശീയ ഏകീകൃത പരീക്ഷ യു.പി.എ. ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരമുള്ളതാണ്. യു.പി.എ. ഗവൺമെന്റിന്റെ മാനവ വിഭവ വികസന വകുപ്പുമന്ത്രി ശ്രീ. കപിൽ സിബിലിന്റെ നിർദ്ദേശം അംഗീകരിക്കാൻ പറ്റില്ലെന്ന് കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡൽഹി

യിൽപോയി പറഞ്ഞത് ആരുടെ അഭിപ്രായമാണ്? യു.പി.എ. ഗവൺമെന്റിന്റെ നിലപാട് യു.ഡി.എഫ്. ഗവൺമെന്റിനെ ബാധിക്കാത്തത് എന്തുകൊണ്ടാണ്? ആരെ സഹായിക്കാനാണ്? സ്വാശ്രയ വിദ്യാഭ്യാസ ലോബിയെ സഹായിക്കുന്നതിനുവേണ്ടി ദേശീയ ഏകീകൃത പരീക്ഷയിൽനിന്ന് മാറിനിൽക്കുന്ന സമീപനം സ്വീകരിക്കുകയാണ്. ഇത്തരത്തിലൊരു അവസ്ഥ കേരളത്തിലുണ്ടാക്കിയത് ചോദിക്കുന്നവർക്കെല്ലാം എൻ.ഒ.സി. കൊടുക്കുന്ന ഒരു കാടൻ നീതിയുടെ ഫലമായിട്ടാണ്. ഇവിടെ സ്വാശ്രയ കോളേജുകൾക്ക് തുടക്കം കുറിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഒരു കുടത്തിൽ നിന്ന് ദുർഭൂതത്തെ പുറത്ത് വിടുന്നതുപോലെ ചോദിക്കുന്നവർക്കെല്ലാം എൻ.ഒ.സി. കൊടുത്തു. യാതൊരു പരിശോധനയും ഉണ്ടായില്ല. 50:50 എന്ന നിബന്ധന പാലിക്കുന്നവർക്കാണെന്ന് പറഞ്ഞത് അവർ പരിശോധിച്ചില്ല. അടിസ്ഥാന സൗകര്യം, അദ്ധ്യാപക യോഗ്യത ഇതൊന്നും പരിശോധിക്കുന്ന സ്ഥിതി ഉണ്ടായില്ല. ഇന്നലെ ഒരു ചാനൽ ചർച്ചയിൽ എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റ് അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് പറയുന്നതു കേട്ടു. പണ്ട് സ്ക്കൂളുകളിൽ തലയെണ്ണുന്നതുപോലെ ഒരേ കുട്ടികളെ മൂന്ന് കോളേജുകളിൽ കൊണ്ടുപോയി കാണിച്ച് കോളേജുകൾക്ക് അംഗീകാരം വാങ്ങുന്ന സ്ഥിതി കേരളത്തിലുണ്ടായിട്ടുണ്ടെന്ന് എഞ്ചിനീയറിംഗ് മാനേജുമെന്റ് അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റാണ് പറഞ്ഞത്. ഒരേ അദ്ധ്യാപകരെ അഞ്ച് കോളേജുകളിൽ കൊണ്ടുപോയി മാറിമാറി കാണിച്ച് പെർമിഷൻ വാങ്ങിക്കുന്നു. ഒരേ ഭൂമിയിൽ ഒരേ കെട്ടിടത്തിൽ ടി.ടി.സി.ക്കും എഞ്ചിനീയറിംഗ് കോളേജിനും ബി.എസ്.സി. നഴ്സിംഗിനും ഒരുമിച്ച് വാങ്ങുന്ന നിരവധി കോളേജുകൾ കേരളത്തിൽ പ്രവർത്തിക്കുകയാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും പരിശോധന നടന്നിട്ടുണ്ടോ? ഈ കോടതി വിധി വന്നിട്ട്,

നിങ്ങളുടെ കൈയിൽ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് വന്നിട്ട് വിരലനക്കിയോ? നിങ്ങൾക്ക് അനങ്ങാൻ പറ്റില്ല. കാരണം, വിദ്യാഭ്യാസ കച്ചവടക്കാരുടെ തടവറയിൽ ജാതി–മത വർഗ്ഗീയ ശക്തികളുടെ, നിക്ഷിപ്ത താല്പര്യക്കാരുടെ പിടിയിലാണ് ഈ ഗവൺമെന്റ്. ശ്രീ. അബ്ദു റബ്ബിന്റെ പേരിനെ സംബന്ധിച്ച് ഡോ. മുനീർ ഇവിടെ വിശദീകരിച്ചത്, റബ്ബ് എന്നത് ദൈവമാണ്, അബ്ദു എന്നത് അടിമയാണ് എന്നാണ്. ദൈവത്തിന്റെ അടിമയാണ് അദ്ദേഹമെന്നുപറഞ്ഞു. അദ്ദേഹം ദൈവത്തിന്റെ അടിമയാണോ, അതോ വിദ്യാഭ്യാസ കച്ചവടക്കാരുടെ അടിമയാണോ? അബ്ദു റബ്ബ് എന്ന പേരുമാറ്റി അബ്ദു ഫിനാൻസ് എന്നിടണം. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഇതേ സ്ഥിതി മെഡിക്കൽ വിദ്യാഭ്യാസ രംഗത്തേയ്ക്കും വരികയാണ്. നാലുകോടി രൂപയുടെ അഴിമതി നടക്കുന്നു, ഓരോ വർഷവും കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ പച്ചയ്ക്ക് അനുവാദം കൊടുക്കുന്നതാണ് ഈ കരാറെന്ന് പറഞ്ഞത് ഞങ്ങളല്ല. കളവ് മുതൽ പങ്കുവയ്ക്കുമ്പോൾ പരസ്പരം കലഹം കൂട്ടുന്ന കള്ളന്മാരെപ്പോലെ എം.എസ്.എഫ്–ന്റെ സംസ്ഥാന നേതാക്കന്മാരാണ് പറഞ്ഞത്. ഈ കരാർ ലംഘിക്കണം. ഈ കരാർ ഇല്ലാതാക്കണം. ഈ കരാറിന്റെ ഭാഗമായിട്ട് 105 പ്രിവിലേജ് സീറ്റുകൾ വഴി നാലുകോടി രൂപയുടെ അഴുമതി നടക്കുന്നുവെന്ന് എം.എസ്.എഫ്–ആണ് ആഹ്വാനം ചെയ്തത്. പ്രിവിലേജ് സീറ്റുകൾ കരാർ ഒപ്പിട്ട ദിവസം 70 ലക്ഷം രൂപ മുതൽ ഒരു കോടി രൂപവരെവച്ച് കച്ചവടം നടന്നതായിട്ടുള്ള വാർത്തകൾ വരികയാണ്. എൻ.ആർ.ഐ. പ്രിവിലേജ് സീറ്റുകളുടെ വില്പനയിലൂടെ നിലവാര തകർച്ച മെഡിക്കൽ കോളേജുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയാണ്. മെഡിക്കൽ കോളേജുകളിൽ ഫലത്തിൽ 50 ശതമാനവും സീറ്റ്..

മി. സ്പീക്കർ : അങ്ങ് നോട്ടീസ് തന്നിരിക്കുന്നത് എഞ്ചിനീയറിംഗ് കോളേജ് മാത്രമാണ്, അത് അങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. പി. രാമകൃഷ്ണൻ : സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ടതാണ്.

മി. സ്പീക്കർ : നോ..നോ.. ചെയർ ശ്രദ്ധിച്ചുവെന്നുപറയാനാണ്. എഞ്ചിനിയറിംഗ് കോളേജും മെഡിക്കൽ കോളേജും രണ്ടും രണ്ടാണ്.

ശ്രീ. പി. രാമകൃഷ്ണൻ : കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ഹൈക്കോടതി നിരീക്ഷണത്തിലാണ്. സ്വാശ്രയ കോളേജുകളോട് പ്രണയംമൂത്ത് വിദ്യാഭ്യാസ വിൽപനക്കാരോട് പ്രേമംമൂത്ത് അതേ സമീപനം സ്കൂളുകളിലേയ്ക്ക് വരുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അൺ-എയ്ഡഡ് സി.ബി.എസ്.ഇ. സ്കൂളുകളുള്ള സംസ്ഥാനം കേരളമാണ്. എന്തുകൊണ്ട് ഇത് സംഭവിക്കുന്നു? 804 സ്ക്കൂളുകളാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളായ ഉത്തർപ്രദേശിൽപോലും 1200 സ്ക്കൂളുകളേയുള്ളു. ആന്ധ്രാപ്രദേശിൽ 218, ബീഹാറിൽ 278, ഹരിയാനയിൽ 864, കർണാടകയിൽ 342, പഞ്ചാബിൽ 625, തമിഴ്നാട്ടിൽ 223, ഡൽഹിയിൽ 625. പൊതുവിദ്യാഭ്യാസത്തിന് ഇത്ര വലിയ ശൃംഖലയുള്ള കേരളത്തിൽ ഇത്രയധികം അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥപനങ്ങളെ കെട്ടഴിച്ചുവിട്ട് ഈ ഒരു ഒറ്റവർഷംകൊണ്ട് 200-ലധികം സ്ക്കൂളുകൾ ആരംഭിച്ച് ഈ ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുകയാണ്. അടി മുതൽ മുടിവരെ വിദ്യാഭ്യാസ കച്ചവടത്തിന് സഹായം ചെയ്യുന്ന ഇത്തരം ഒരു സമീപനം എങ്ങനെയാണ് വരുന്നത്? ഇത് വരുന്നത്, എഞ്ചിനീയറിംഗ് കോളേജുൾപ്പെടെയുള്ള കോളേജുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളാണ്. ഇത് അനുവദിക്കുന്നതിൽ എന്തെങ്കിലും പരിശോധന ഇവിടെ നടക്കുന്നുണ്ടോ?

ഞാനൊരുകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, വളരെ പ്രമാദമായ നടപടികൾകൊണ്ട് ഈ സഭയിൽ പലപ്പോഴും പ്രക്ഷുബ്ധമായ അന്തരീക്ഷം ഉണ്ടാക്കിയ ഒരു സർവ്വകലാശാലയാണ് കോഴിക്കോട് സർവ്വകലാശാല. അവിടെ ഭൂമിദാനം തൊട്ട് ഒരുപാട് കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെട്ടു. സർവ്വകലാശാലയുടെ വൈസ് ചാൻസലറെ നിയമിക്കുന്ന കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. പക്ഷേ ഒരുകാര്യം വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ദിവസം ഈ വർഷത്തെ കോളേജുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അൽഹിന്ദ് എഡ്യൂക്കേഷൻ ട്രസ്റ്റ് എന്നുപറയുന്ന സ്ഥാപനത്തിന്...

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട ശ്രീരാമകൃഷ്ണൻ, അങ്ങയുടെ അടിയന്തര പ്രമേയത്തിന്റെ ഫോക്കസ് പോയിന്റ് എന്താണ്? അത് ശരിയല്ലല്ലോ, മന്ത്രി മറുപടി പറയേണ്ടതല്ലേ?

<u>ശ്രീ. പി. രാമകൃഷ്ണൻ</u> : സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരമാണ്. എങ്ങനെയാണ് എഞ്ചിനീയറിംഗ് കോളേജുകൾ വരുന്നത്? ഹൈക്കോടതിക്ക് ഇങ്ങനെ പറയാനുള്ള അന്തരീക്ഷം ഉണ്ടായത്, കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകൾ എങ്ങനെ വന്നുവെന്നാണ് ഞാൻ പറയുന്നത്. 2012–13–ൽ കോളേജുകൾക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2011 ഒക്ടോബർ 31 ആണ്. പ്രൊഫഷണൽ കോഴ്സുകൾക്ക് 2011 ജൂൺ 30 ആണ് അവസാന തീയതി. അൽഹിന്ദ് എഡ്യൂക്കേഷൻ ട്രസ്റ്റ് 2012 ജനുവരി 21–ാം തീയതി ചെലാൻ അടച്ചതിന്റെ രസീത് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. 2012 ജനുവരി 21–ന് ചെലാൻ അടച്ചതിന് അപേക്ഷ നൽകിയത് 2012, 10–ാം തീയതിയാണ്. എങ്ങനെയാണ് ഒരു മാസംപുറകിലോട്ട് പോയത്? സർവ്വകലാശാല നിയമം അനുസരിച്ച് ചെലാൻ

അടച്ചതിനുശേഷമാണ് അപേക്ഷ ഫാറം വാങ്ങാൻ പറ്റുക. പക്ഷേ 40 ദിവസം മുമ്പ് എങ്ങനെയാണ് ഇത് സംഭവിച്ചത്? ഇത് കണ്ടെത്തി. സർവ്വകലാശാ ലയിൽ രജിസ്ട്രാറുടെ ഓഫീസ് ഇത് കണ്ടെത്തി ഇൻസ്പെക്ഷൻ നടത്തേണ്ടതില്ലെന്ന് തീരുമാനിച്ച് റിട്ടണായിട്ട് ഗവൺമെന്റിന് എഴുതിക്കൊടുത്തു. അതിന്റെ രേഖയും ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.

മി. സ്പീക്കർ : അങ്ങ് മേശപ്പുറത്ത് വയ്ക്കുന്നത് ചെയറിന്റെ അനുവാദ ത്തോടുകൂടിയല്ല.

ശ്രീ. പി. രാമകൃഷ്ണൻ : രജിസ്ട്രാർ പറയുകയാണ് ഇത് നിയമവിരുദ്ധ മാണ്. ഡേറ്റ് കഴിഞ്ഞിരിക്കുന്നു. രജിസ്ട്രാറുടെ നിബന്ധനയ്ക്ക് വിരുദ്ധമായി സിന്റിക്കേറ്റിന്റെ ഉപസമിതി ഇൻസ്പെക്ഷൻ നടത്തുകയാണ്. 17.3.2012–ന് ഇൻസ്പെക്ഷൻ നടത്തിയതിനുശേഷം 31–ാം തീയതി സിന്റിക്കേറ്റ് അനുവാദം കൊടുക്കുകയാണ്. ഒരു സർവ്വകലാശാലയുടെ രജിസ്ട്രാർ ഇതു നിയമവിരു ദ്ധമാണ് ഇത് അംഗീകരിക്കുകയില്ല എന്ന് രേഖാമൂലം സിന്റിക്കേറ്റിന്റെ ഇൻസ്പെക്ഷൻ സമിതിക്ക് കൊടുത്തതിനുശേഷം ഒരു കോളേജിന് ശുപാർശ ചെയ്തതിന്റെ വിശദാംശങ്ങളടങ്ങുന്ന ഡോക്യൂമെന്റ്സ് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. ശ്രീരാമകൃഷ്ണൻ അങ്ങ് അവസാനിപ്പിക്കൂ. ഇന്ന് വെള്ളിയാഴ്ചയാണ്.

ശ്രീ. പി. രാമകൃഷ്ണൻ : ഞാൻ അവസാനിപ്പിക്കുകയാണ്. ഈ സർവ്വ കലാശാലയിൽ എന്താണ് നടക്കുന്നത്? എങ്ങനെയാണ് എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചുകൊണ്ടിരിക്കുന്നത്? എഞ്ചിനീയറിംഗ് കോളേജുകൾ എ.ഐ.സി.ടി.ഇ–യെ സംബന്ധിച്ച് അതിൽ പറയുകയാണ്.

എ.ഐ.സി.ടി.ഇ-യെ സംബന്ധിച്ച് 'awaiting' എന്നാണ് പറയുന്നത്. Whether the applicant has satisfactory demonstrated necessary infrastructure............ awaiting.

മി. സ്പീക്കർ : പ്ലീസ്..... പ്ലീസ്....... ശ്രീ. ശ്രീരാമകൃഷ്ണൻ അങ്ങേയ്ക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് പൊതുചർച്ചയിൽ പങ്കെടുത്ത് ഇതൊക്കെ സംസാരിക്കാം. അങ്ങയുടെ അടിയന്തര പ്രമേയം അവസാനിപ്പിക്കൂ.

ശ്രീ. പി. രാമകൃഷ്ണൻ : Awaiting ചെയ്തവർക്കാണ് റെക്കമെന്റ് ചെയ്തത്. അതുസംബന്ധിച്ച രേഖകളും ഞാൻ മേശപ്പുറത്ത് വയ്ക്കുക യാണ്. എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം മാർക്കുമായി ബന്ധപ്പെ ട്ടാണല്ലോ? കോഴിക്കോട് സർവ്വകലാശാല ഈ കഴിഞ്ഞ 24.3.2012-ന് അക്കാഡമിക് കൗൺസിൽ ഒരു തീരുമാനമെടുത്തു. 2008ന്റെ മുൻകാല പ്രാബല്യത്തോടുകൂടി...

മി. സ്പീക്കർ : അടിയന്തര പ്രമേയ നോട്ടീസിലുള്ളത് മാത്രമേ മന്ത്രി മറുപടി പറയുകയുള്ളു.

ശ്രീ. പി. രാമകൃഷ്ണൻ : 2008 മുൻകാല പ്രാബല്യത്തോടുകൂടി എഞ്ചി നീയറിംഗ് പരീക്ഷയ്ക്ക് തോറ്റവരെ വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള മാർക്ക് ദാനത്തിന് തീരുമാനം എടുത്തിരിക്കുന്നു. ആ തീരുമാനം എടുത്ത പ്പോൾ ഫാക്കൽട്ടി ഓഫ് എഞ്ചിനിയറിംഗിന്റെ ഡീൻ ഡോ. സതീഷ്കുമാർ ഒപ്പ് വയ്ക്കാത്ത, പ്രതിഷേധം വകവയ്ക്കാതെ.......

മി. സ്പീക്കർ : ശ്രീരാമകൃഷ്ണൻ അങ്ങേയ്ക്ക് അറിയുന്ന എല്ലാ വിവര ങ്ങളും പറയാൻ ഇപ്പോൾ സാധ്യമല്ല.

ശ്രീ. പി. രാമകൃഷ്ണൻ : ഒറ്റ കാര്യം, ഒരു എഞ്ചിനീയറിംഗ് കോളേജിൽ 20 മാർക്ക് കിട്ടാത്ത കുട്ടിയെ എഞ്ചിനീയറാക്കുന്നത് ശരിയല്ലായെന്നാണ് ഡോ. സതീഷ്കുമാർ അക്കാഡമിക് കൗൺസിലിൽ പറഞ്ഞിട്ടുള്ളത്. അതുസംബന്ധിച്ച രേഖകളും ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. ശ്രീരാമകൃഷ്ണൻ മേശപ്പുറത്ത് വയ്ക്കുന്ന രേഖകളൊന്നും സഭയുടെ രേഖകളല്ല.

ശ്രീ. പി. രാമകൃഷ്ണൻ : 28 കുട്ടികൾ പരാജയപ്പെട്ടതുമായി ബന്ധപ്പെട്ട് കരുണാ മെഡിക്കൽ കോളേജിനുനേരെ ആക്ഷേപമുണ്ട്. പരീക്ഷാ ഭവനിൽ പോയി എ.ആർ. ജമാലിന് പണംകൊടുത്ത് ഞങ്ങളെ ജയിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. കച്ചവടമാണ് നടക്കുന്നത്, കോഴിക്കോട് സർവ്വകലാശാലയിൽ എല്ലാ ജീവനക്കാരും അഴിമതിക്കാരല്ല. ആരും പണം വാങ്ങുന്നവരല്ല. സർവ്വകലാശാലക്ക് എന്തെല്ലാം ആക്ഷേപമുണ്ടെങ്കിലും എല്ലാ യൂണിയനിലും പ്രവർത്തിക്കുന്നവർ ശക്തമായിട്ടുള്ള സാമൂഹ്യ പ്രതിബദ്ധ സൃഷ്ടിക്കുന്നവരാണ്. എ.ആർ.–നെ കണ്ടിട്ട് കരുണാ മെഡിക്കൽ കോളേജിലെ രക്ഷിതാക്കളും മാനേജുമെന്റും ഞങ്ങൾ പണം തരാൻ തയ്യാറാണെന്ന് പറയുകയാണ്. ജമാൽ എന്നുപറയുന്ന എ.ആർ.–നെ അതിന്റെ പേരിൽ സ്ഥലം മാറ്റുകയും ശിക്ഷണ നടപടികൾക്ക് വിധേയമാക്കുന്നു ഈ നോമിനേറ്റഡ് സിന്റിക്കേറ്റ്. കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് നിരവധി പ്രശ്നങ്ങളുള്ളതിനാൽ സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : പ്രസാംഗത്തിനിടയിൽ ശ്രീ. ശ്രീരാമകൃഷ്ണൻ അദ്ദേഹത്തിന്റെ മുമ്പിൽ വച്ച കടലാസ്സുകളാണ് സഭയുടെ മേശപ്പുറത്തുവച്ചതല്ല അത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.പി.കെ. അബ്ദു റബ്ബ്): സർ, 2008 മുതൽ 2011 വരെയുള്ള കാലഘട്ടങ്ങളിലെ കാര്യങ്ങളാണ് പരിശോധിച്ചത്. അന്ന് ഇവിടെ ഭരിച്ചിരുന്നത് ഇടതുപക്ഷ ഗവൺമെന്റാണ്. ആ ഗവൺമെന്റിന്റെ കാലത്തുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇൻസ്പെക്ഷൻ കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് കൊടുത്തത്. പക്ഷെ ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഒരു നടപടിയും അന്ന് സ്വീകരിച്ചില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയെ വച്ച് അന്വേഷിച്ചു. ഇക്കാര്യങ്ങൾ ഞാൻ നേരത്തെ പറഞ്ഞിരുന്നു. അതിനനുസരിച്ചാണ് കാര്യങ്ങൾ പോയിട്ടുള്ളത്. 1990–ൽ വിജയശതമാനം വളരെ കൂടുതലായിരുന്നുവെന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. അന്ന് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ വളരെ കുറവായിരുന്നു. കഴിഞ്ഞ പത്തുവർഷത്തിനിടയിലാണ് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ കൂടിയത്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലാണ് വിജയശതമാനം കുറഞ്ഞിട്ടുള്ളതെന്ന് മിനഞ്ഞാന്ന് ഞാൻ ഒരു സബ്മിഷന് മറുപടി പറയുകയുണ്ടായി. ഈ ഗവൺമെന്റിന് ഇക്കാര്യത്തിൽ നല്ല നിലവാരം പുലർത്തണം, നല്ല പഠനം നടത്തണം എന്നുള്ള ആഗ്രഹം ഉള്ളതുകൊണ്ടുതന്നെയാണ് ഹൈക്കോടതിയിൽ നിരീക്ഷണം വന്നപ്പോൾ അതിനനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചത്. ആദ്യം ഇൻസ്പെഷൻ കമ്മിറ്റിയെ വച്ചു. അതുകഴിഞ്ഞ് എക്സ്പർട്ട് കമ്മിറ്റിയെ വച്ചു. ഇതൊന്നും കഴിഞ്ഞ ഗവൺമെന്റ് ചെയ്തിട്ടില്ല. എല്ലാ കാര്യങ്ങളും ചെയ്തിട്ടുള്ളത് ഈ ഗവൺമെന്റിന്റെ കാലത്താണ്. എം.ടെക് മാത്രം കൊടുത്തതുകൊണ്ട് നിലവാരം മെച്ചപ്പെടുത്തണമെന്ന അർത്ഥത്തിലല്ല ഞാൻ പറഞ്ഞത്.

ഫാക്കൽറ്റിയുടെ കാര്യം വരുമ്പോൾ പഠിപ്പിക്കാനാവശ്യമായ ക്വാളിഫൈഡായിട്ടുള്ള ആളുകൾ വേണമെന്നുള്ള ഉദ്ദേശത്തിലാണ്. ബാക്കിയുള്ള കാര്യങ്ങൾ ശ്രീരാമകൃഷ്ണൻ വിട്ടുകളഞ്ഞതാണ്. ഞാൻ ബാക്കിയുള്ള കാര്യങ്ങളും പറഞ്ഞു. ഫാക്കൽറ്റിയുടെ കാര്യം പറഞ്ഞു, ഫെസിലിറ്റിയുടെ കാര്യം പറഞ്ഞു, ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യം പറഞ്ഞു. മറ്റൊരു കാര്യം മനസ്സിലാക്കേണ്ടത് വരുന്നവർക്കെല്ലാം നേരിട്ട് എഞ്ചിനീയറിംഗ് കോളേജ് കൊടുക്കുകയല്ല ചെയ്യുന്നത്. അത് ആദ്യം മനസ്സിലാക്കണം. അപേക്ഷകർക്ക് ആദ്യം അംഗീകാരം കൊടുക്കുന്നത് എ.ഐ.സി.റ്റി. യാണ്. ശ്രീരാമകൃഷ്ണന് അറിയില്ലെങ്കിൽ മുൻ വിദ്യാഭ്യാസ മന്ത്രിയോട് ചോദിക്കു. എ.ഐ.സി.റ്റിയുടെയും യൂണിവേഴ്സിറ്റിയുടേയും അംഗീകാരം വാങ്ങിയശേഷമാണ് ഗവൺമെന്റിലേക്ക് എത്തുന്നത്. അതിനുശേഷമാണ് ഗവൺമെന്റ് അംഗീകാരം കൊടുക്കുന്നത്. മാത്രമല്ല ഇതെല്ലാം കൊടുത്തശേഷം വീണ്ടും ഗവൺമെന്റുതന്നെ നേരിട്ട് ഒരു ഇൻസ്പെഷൻ നടത്തി ബോധ്യപ്പെടുന്നതനുസരിച്ചാണ് വീണ്ടും ഭാവിയിൽ കൊടുക്കാൻ വേണ്ടി തീരുമാനിച്ചിട്ടുള്ളത്. ഇവിടെ മെഡിക്കൽ കോളേജുകളുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. അത് ശ്രീ. പി. ശ്രീരാമകൃഷ്ണൻ എഴുതിത്തന്ന കാര്യത്തിലുള്ളതല്ല. അതുകൊണ്ട് ഞാൻ അതിന് മറുപടി പറയുന്നില്ല. മറ്റൊന്ന്, യൂണിവേഴ്സിറ്റിയിൽ നടക്കുന്ന കാര്യങ്ങൾക്ക് മുഴുവനും വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയണമെന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? അത് വേറെ എഴുതിത്തന്നാൽ പരിശോധിക്കാമെന്നുള്ളതല്ലാതെ ഇതിന്റെ കൂടെ കൂട്ടിക്കുഴച്ച് മറുപടി പറയേണ്ട കാര്യമില്ല. അതുകൊണ്ട് ഞാൻ അക്കാര്യങ്ങൾ പറയുന്നില്ല. .....(ബഹളം).....

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ,.....

ശ്രീ. പി.കെ. അബ്ദു റബ്ബ് : ഞാൻ വഴങ്ങുന്നില്ല. പറഞ്ഞു കഴിഞ്ഞിട്ട് വഴങ്ങാം. ....(ബഹളം).....

മി. സ്പീക്കർ: മന്ത്രി വഴങ്ങുന്നില്ലെന്നു പറഞ്ഞു. അദ്ദേഹത്തെ നിർബന്ധിക്കാൻ സാധ്യമല്ല. ....(ബഹളം)...... അദ്ദേഹം മറുപടി പറയട്ടെ.

ശ്രീ. പി.കെ. അബ്ദു റബ്ബ്: സർ, ഈ നിലവാരത്തകർച്ചയെക്കുറിച്ച് നമുക്കെല്ലാം ബോധ്യമുള്ളതാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നിലവിലുള്ള സംവിധാനങ്ങളിൽ മാറ്റംവരുത്തി ആവശ്യമായ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കോടതിവിധി വന്നശേഷം, വിധി പഠിച്ചശേഷം എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നുള്ളത് സംബന്ധിച്ച് ആലോചിക്കണം. ഒറ്റയടിക്ക് കോളേജുകൾ അടച്ചുപൂട്ടണമെന്ന കാര്യം സാധ്യമല്ലെന്നുള്ളത് അപ്പുറത്തിരിക്കുന്നവർക്കും അറിയാവുന്നതാണ്. അക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് കൂട്ടായി ആലോചിക്കണം. നിലവിലുള്ള കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. പുതിയതായി കോളേജുകൾ അനുവദിക്കണമോ വേണ്ടയോ എന്നുള്ള കാര്യത്തിൽ തീരുമാനമെടുക്കണം. അനുവദിക്കുകയാണെങ്കിൽ എന്തൊക്കെ പുതിയ നിബന്ധനകൾ കൊണ്ടുവരണമെന്ന് കൂട്ടായി ആലോചിച്ച് തീരുമാനിക്കേണ്ട കാര്യങ്ങളാണ്. അതു മാത്രമേ ഇതിനെക്കുറിച്ച് പറയാനുള്ളൂ. ഇവിടെ ഉന്നയിച്ച 'അൽഹിന്ദ് എഡ്യൂക്കേഷണൽ ട്രസ്റ്റ്'-ന് ഈ ഗവൺമെന്റ് അനുമതി നൽകിയിട്ടില്ല. അത് ശ്രീ. ശ്രീരാമകൃഷ്ണൻ പറഞ്ഞത് x x x ശരിയല്ല. .....(ബഹളം)......

മി. സ്പീക്കർ: x x x അസത്യം.

ശ്രീ. പി.കെ. അബ്ദു റബ്ബ്: X X X എന്ന വാക്ക് പിൻവലിച്ചു. സത്യവിരുദ്ധമാണ്.

മി. സ്പീക്കർ: അത് പിൻവലിച്ചു. അദ്ദേഹം അസത്യമാണെന്നാണ് പറഞ്ഞത്.

ശ്രീ. പി.കെ. അബ്ദു റബ്ബ്: സർ ഞാൻ X X X [1]എന്നു പറഞ്ഞത് പിൻവലിച്ചു, സത്യവിരുദ്ധമാണ്. സ്വാശ്രയ കോളേജുകളോട് കഴിഞ്ഞ കാലങ്ങളിൽ ഇടതുപക്ഷ സർക്കാർ സ്വീകരിച്ച സമീപനമല്ല ഇപ്പോൾ സ്വീകരിക്കുന്നത് എന്നുള്ളത് ഇപ്പോൾ എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ തന്നെ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ പേരിലുള്ള സ്വാശ്രയ കോളേജിനും ഈ ഗവൺമെന്റ് അനുമതി കൊടുത്തിട്ടുണ്ട്. ഇത്രയും കര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോടതിയുടെ വിധി വന്നശേഷം അത് പൂർണ്ണമായി പഠിച്ച് എല്ലാവരേയും വിശ്വാസത്തിലെടുത്തുകൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. .....(ബഹളം).......

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ കോഴിക്കോട് സർവ്വകലാശാലയിലേക്ക് ഒരു അപേക്ഷ കൊടുത്തിട്ടില്ല. എന്റെ പേരിൽ ഒരു കോളേജിന് ആരും ഒരു അപേക്ഷയും കൊടുത്തിട്ടില്ല. ഇല്ലാത്ത കാര്യം വിദ്യാഭ്യാസ മന്ത്രി ഇവിടെ പറയുകയാണ്. സർവ്വകലാശാലയുടെ പ്രോ-ചാൻസിലറാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

---

[1] **പിൻവലിച്ചു**

<u>മി. സ്പീക്കർ</u>: പേഴ്സണൽ എക്സ്പ്ലനേഷന് മാത്രമേ അനുവദിച്ചിട്ടുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി. .....(ബഹളം)..... ശ്രീ. പി. ശ്രീരാമകൃഷ്ണൻ.... പ്ലീസ്... സിറ്റ്ഡൗൺ.

<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>: ശ്രീ. പി. ശ്രീരാമകൃഷ്ണൻ ആ കോളേജിലെ ഡയറക്ടറാണ്. ആ കോളേജിൽ എൻ.ഒ.സി. കൊടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യം ഞങ്ങൾ സംസാരിച്ചിട്ടുണ്ട്. .....(ബഹളം)....

<u>മി. സ്പീക്കർ</u>: അദ്ദേഹം പറഞ്ഞല്ലോ. ശ്രീ.പി. ശ്രീരാമകൃഷ്ണന് എന്താണ് പറയാനുള്ളത്?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ഇവിടെ കൃത്രിമമായി കോളേജ് കൊടുത്തതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. 40 ദിവസത്തെ ബാക്ക്ഡേറ്റ് വച്ച് പേഴ്സണലായി ഇൻസ്പെക്ഷൻ നടത്തി കോളേജ് കൊടുത്ത പ്രശ്നമാണ്. കോളേജ് കൊടുത്തതിനെക്കുറിച്ച് നിങ്ങൾ പറഞ്ഞിട്ടില്ല. എന്റെ പേരിൽ ഒരു കോളേജിന് ആരും അപേക്ഷ കൊടുത്തിട്ടില്ല. ഞാൻ ഒരു ഡയറക്ടർ ബോർഡിലെ മെമ്പറും അല്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിയിട്ടുള്ള മെമ്പർക്കെതിരായി വിദ്യാഭ്യാസ വകുപ്പുമന്ത്രി ഗുരുതുരമായ ആരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. ആ മെമ്പർ ഒരു കോളേജ് ചോദിച്ചുവെന്നും അദ്ദേഹം ഡയറക്ടറായ ബോർഡിന് ഒരു കോളേജ് കൊടുത്തുവെന്നുമാണ്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ കോളേജ് കമ്മിറ്റിയിലെ ഡയറക്ടറേ അല്ലെന്നാണ് അദ്ദേഹം പറയുന്നത്. തെറ്റായ ഒരു പ്രസ്താവന മന്ത്രി നടത്തിയിട്ടുണ്ടെങ്കിൽ ആ പ്രസ്താവന പിൻവലിക്കണം.

ഒരു മെമ്പർക്കെതിരായി ഇങ്ങനെ ആരോപണം ഉന്നയിക്കരുത്. തെളിവുണ്ടെങ്കിൽ അത് സഭയിൽ വയ്ക്കണം.

ശ്രീ. പി.കെ. അബ്ദു റബ്ബ് : കേരളാ പ്രവാസി സംഘം എന്നതിന്റെ ഡയറക്ടർ ബോർഡിൽ ശ്രീ. പി. ശ്രീരാമകൃഷ്ണനും ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ പറഞ്ഞത് തെറ്റാണെന്ന് തെളിയിച്ചാൽ ഞാൻ പിൻവലിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : തെറ്റാണെന്ന് തെളിയിച്ചാൽ പിൻവലിക്കാമെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് അദ്ദേഹം അതിൽ മെമ്പറല്ല എന്നാണ്.

മി. സ്പീക്കർ : അത്തരം ഒരു സംഘത്തിന്റെ ഡയറക്ടർ ബോർഡ് മെമ്പറല്ല എന്ന് അദ്ദേഹം പറയുമ്പോൾ പിന്നെ തെളിയിക്കേണ്ട കാര്യം വേറെ ഇല്ലല്ലോ? അതിൽ മെമ്പറല്ല എന്ന് അദ്ദേഹം പറയുന്നു. പിന്നെ എങ്ങനെയാണ്?

ശ്രീ. പി.കെ. അബ്ദു റബ്ബ്: അദ്ദേഹം പറയുന്നത് ശരിയാണെങ്കിൽ ഞാൻ പിൻവലിച്ചു.

മി. സ്പീക്കർ : അദ്ദേഹം പിൻവലിച്ചു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ ഉന്നയിച്ച പ്രൊഫഷണൽ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ചയെക്കുറിച്ചുള്ള പ്രശ്നം വളരെ ഗൗരവമായിട്ടുള്ള വിഷയമാണ്. കോടതിയുടെ കണ്ടെത്തലും ആ വഴിക്ക് തന്നെയാണ്. പക്ഷേ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഈ ഗവൺമെന്റിനുനേരെ ഒരു വിരൽ ചൂണ്ടിയപ്പോൾ നാല് വിരലുകൾ നിങ്ങളുടെ നേരെയായിരുന്നു എന്നുള്ളത് നിങ്ങൾ കണ്ടില്ല.

ഞാൻ കോടതി വിധിയെക്കുറിച്ച് വന്ന വാർത്ത വായിക്കാം. 'സംസ്ഥാനത്തെ ചില എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയിക്കുന്നത് നാല് ശതമാനം മാത്രമെന്ന് ഹൈക്കോടതി. സർവ്വകലാശാലകൾ സമർപ്പിച്ച 2008–2011– വരെ യുള്ള മൂന്ന് അദ്ധ്യയന വർഷത്തെ വിജയശതമാനം പരിശോധിച്ച ശേഷ മാണ് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ ഇക്കാര്യം ചൂണ്ടിക്കാട്ടുന്നത്.' ഇത് നിങ്ങളോ ഞങ്ങളോ എന്ന് തർക്കിക്കേണ്ട പ്രശ്നമല്ല. ഈ പ്രശ്നം ആ വഴിക്ക് തിരിച്ചുവിട്ടതുകൊണ്ട് ഞാൻ പറഞ്ഞതാണ്. നമ്മൾ വിദ്യാഭ്യാസ രംഗത്ത് വളരെ മുന്നിലാണെന്ന് അവകാശപ്പെടുമ്പോഴും സാങ്കേതിക ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മൾ പിന്നിലാണ്. ആ പിന്നോക്കാവസ്ഥ മനസ്സിലാ ക്കിക്കൊണ്ടാണ് ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ആദ്യ മായി സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ തുടങ്ങാൻ തീരു മാനിച്ചത്. ഇപ്പോൾ നമുക്ക് കുറേയധികം കോളേജുകൾ വന്നിട്ടുണ്ട്. പക്ഷേ അതിലെ പ്രധാനപ്പെട്ട ഒരു പോരായ്മയാണ് ഇപ്പോൾ ചൂണ്ടിക്കാണിച്ചി ട്ടുള്ളത്. അതിന് പരിഹാരമുണ്ടാകണം. നമ്മുടെ കുട്ടികൾ പഠിക്കാൻ തയ്യാറായി പോകുന്ന അവസരത്തിൽ ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം തന്നെയാണ് അവർക്ക് വേണ്ടത്. അതിനുവേണ്ടി നമുക്ക് കൂട്ടായി ശ്രമിക്കാം. പക്ഷേ ഈ ഗവൺമെന്റിനു നേരെ വിരൽ ചൂണ്ടിയപ്പോൾ അതിനാധാര മാക്കിയ ഹൈക്കോടതി വിധി പരിശോധിച്ചത് 2008 മുതൽ 2011 വരെയുള്ള കാര്യമാണ്.

ശ്രീ. എം.എ. ബേബി : സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നിലവാ രത്തകർച്ച വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഈ ഗവൺമെന്റിനുനേരെ വിരൽ ചൂണ്ടിയപ്പോൾ മുൻ ഗവൺമെന്റിന് നേരെ നാലു വിരലുകൾ വന്നു

എന്ന് അങ്ങ് പറഞ്ഞു. നാല് വിരലുകൾ വന്നിട്ടുണ്ടോയെന്ന കാര്യം ഞാൻ ചോദിക്കുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ വ്യക്തതയുണ്ടാക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഓൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷ ന്റേയും സർവ്വകലാശാലകളുടേയും നിബന്ധനകൾക്ക് വിധേയമായി മാത്ര മാണ് കോളേജുകൾക്ക് അനുമതി കൊടുത്തിരുന്നത്. ഈ വർഷം, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജുമെന്റുമായി ഒപ്പിട്ട കരാറിൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതിയിട്ട് യോഗ്യത നേടണമെന്നില്ല, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതിയാൽ മാത്രം മതിയെന്നും അവർക്കും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജികളിൽ പ്രവേശനം കൊടുക്കാമെന്ന എൽ.ഡി.എഫ്.-ഗവണ്മെന്റിന്റെ കാലത്ത് ഇല്ലാത്ത, നിലവാരത്തെ തകർക്കുന്ന പുതിയ വ്യവസ്ഥ വച്ചിട്ടുണ്ടോയെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : അങ്ങ് ഇങ്ങനെ പ്രശ്നം ട്വിസ്റ്റ് ചെയ്യരുത്. ഹൈക്കോടതി ചൂണ്ടിക്കാണിച്ചതും ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ ഉന്ന യിച്ചതും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ച യുടെ കാര്യമാണ്. ശ്രീ. എം.എ. ബേബി പറഞ്ഞ വിദ്യാർത്ഥികളുടെ നിലവാര ത്തകർച്ചയെക്കുറിച്ച് ഞാൻ രണ്ടാമത് പറയാം. അഞ്ചുകൊല്ലം ഭരിച്ചിട്ട് ഈ നിലവാരത്തകർച്ച ഇല്ലാതാക്കാൻ ഒന്നും ചെയ്യാതിരുന്ന ആൾ ഇപ്പോൾ ഞങ്ങ ളുടെ പേര് ചൂണ്ടിക്കാണിക്കുകയാണ്. നിങ്ങൾ എന്ത് നടപടിയെടുത്തു? ഞാൻ അങ്ങോട്ടുമിങ്ങോട്ടും കുറ്റപ്പെടുത്തുന്നതല്ല. പക്ഷേ അങ്ങ് അഞ്ചു കൊല്ലം വിദ്യാഭ്യാസലകുപ്പുമന്ത്രിയായിരുന്നിട്ട് ഫാക്കൽറ്റിയിൽ അംഗങ്ങളി ല്ലാത്തത് തടയാൻ എന്തുചെയ്തു? ഞങ്ങൾ ഈ ഒരു വർഷംതന്നെ എം.ടെക്

കോഴ്സ് കൂടുതൽ കോളേജുകളിൽ അനുവദിക്കാൻ തീരുമാനിച്ചു. എന്തിനാണ്? ഫാക്കൽറ്റിയുടെ കുറവ് നികത്തുന്നതിനുവേണ്ടി സ്വീകരിച്ച ഫലപ്രദമായിട്ടുള്ള നടപടിയാണ്. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആ കുറവ് നികത്തുന്നതിന് യാതൊന്നും ചെയ്യാതിരുന്നിട്ടാണ് ഇന്ന് ഞങ്ങളുടെ നേരെ വിരൽ ചൂണ്ടുന്നത്. വദ്യാർത്ഥി കളുടെ ക്വാളിറ്റിയെക്കുറിച്ച് ഇവിടെ ചോദിച്ചു. നമ്മൾ ഈ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങളാണ് ചെയ്തിരിക്കുന്നത്. മിനിമം 50 മാർക്ക് എന്നുള്ളതിൽ ഒരു കുറവും വരുത്തിയിട്ടില്ല. പക്ഷേ ഇവിടെ വന്നിരിക്കുന്ന പ്രധാന പ്രശ്നം കോളേജുകളിൽ ആവശ്യത്തിനുള്ള സൗകര്യങ്ങളില്ല എന്നുള്ളതാണ്. അതിനേക്കാൾ പ്രധാനപ്പെട്ടത് ആവശ്യത്തി നുള്ള അദ്ധ്യാപകരില്ല എന്നുള്ളതാണ്. അതിനുവേണ്ടിയാണ് ഇവിടെ മന്ത്രി മറുപടി പറഞ്ഞത്. ഞങ്ങൾ ആ കുറവ് നികത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ. അംഗീകരിക്കാത്ത ഒരു കോളേജും എഞ്ചിനീയറിംഗ് കോളേജായി വരില്ലെന്ന് ശ്രീ. എം.എ ബേബിക്ക് അറിവുള്ളതാണല്ലോ. എ.ഐ.സി.റ്റി.ഇ.-യുടെ പരിശോധന വളരെ കർശനമാ യിത്തന്നെയാണ് മുന്നോട്ട് പോകുന്നത്. ഹൈക്കോടതി വിധിയുടെ അടിസ്ഥാ നത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്വാളിറ്റി ഇംപ്രൂവ് ചെയ്യുന്നതിനു വേണ്ടിയുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കും.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : എഞ്ചിനീയറിംഗ് കോളേജിന്റെ നിലവാര വുമായി ബന്ധപ്പെട്ട വലിയൊരു പ്രശ്നമാണ് ഹൈക്കോടതി ശ്രദ്ധയിൽപ്പെടു ത്തിയിരിക്കുന്നത്. ആ സാഹചര്യത്തിൽ അനിയന്ത്രിതമായി വീണ്ടും കോളേജുകൾ ആരംഭിക്കുന്നത് ശരിയാണോ? 39 കോളേജുകൾ ആരംഭിക്കു കയാണ്. എ.ഐ.സി.റ്റി.ഇ.-യുടെ നിബന്ധനകൾ പൂർണ്ണമായി പാലിക്കാത്ത

കോളേജുകൾക്കെതിരെ ഗവണ്മെന്റ് എന്ത് നടപടിയാണ് എടുക്കുന്നത്? ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരേ ഭൂമിയിൽ വ്യത്യസ്ത കോഴ്സുകൾ നടത്തുകയാണ്. വീണ്ടും പ്രവേശനം നടക്കുകയാണ്. ഈ സാഹചര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണെന്നാണ് അറിയേണ്ടത്. ഗവൺമെന്റ് ഇക്കാര്യത്തിൽ എന്ത് നിലപാട് സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിലപാട് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കി. അദ്ധ്യാപകരടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത, ഫാക്കൽറ്റിയില്ലാത്ത ഒരു കോളേജും തുടങ്ങുന്നതിന് ഈ സർക്കാർ അനുകൂലമല്ല. പക്ഷേ മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകിക്കൊണ്ട്, ആവശ്യത്തിന് അദ്ധ്യാപകരേയും വച്ചുകൊണ്ട് തുടങ്ങാൻ സാധിക്കുന്ന കോളേജുകൾക്ക് അംഗീകാരം കൊടുക്കും. അതാണ് സമീപനം. ബഹുമാനപ്പെട്ട എം.എ. ബേബിയോട് പറയാനുള്ളത്, ഹൈക്കോടതി ചൂണ്ടിക്കാണിച്ച കുറവുകൾ നികത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. നിങ്ങൾ 5 കൊല്ലം ഇരുന്നതുപോലെ ഇരിക്കാനല്ല ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം കേൾക്കുന്നതിനുമുമ്പുതന്നെ അങ്ങ് അടിയന്തരപ്രമേയാവതരണാനുമതി നിഷേധിച്ചുകഴിഞ്ഞിരുന്നു.

മി. സ്പീക്കർ: എപ്പോഴാണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നേരത്തെതന്നെ നിഷേധിച്ചു കഴിഞ്ഞിരുന്നു. മുഖ്യമന്ത്രി മറുപടി പറയാൻ എഴുന്നേൽക്കുന്നതിന് മുമ്പ് തന്നെ നിഷേധിച്ചു.

മി. സ്പീക്കർ: മുഖ്യമന്ത്രി എണീറ്റപ്പോൾ നിങ്ങൾ ചോദ്യം ചോദിച്ചു, അപ്പോൾ അദ്ദേഹം ഇരുന്നു. വീണ്ടും എണീറ്റു. ഏത് ചോദ്യം വന്നാലും മുഖ്യമന്ത്രി വഴങ്ങുകയാണ്. അദ്ദേഹം പറയട്ടെ,.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അവതരണാനുമതി നേര ത്തെതന്നെ നിഷേധിച്ചുകഴിഞ്ഞിരുന്നുവെന്ന് പറയുകയായിരുന്നു.

മി. സ്പീക്കർ: അത് ശരിയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിഷേധിച്ചശേഷമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുന്നേറ്റത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ തോടുകൂടി ഇതിന്റെ ഗൗരവം വർദ്ധിച്ചിരിക്കുകയാണ്. ശ്രീ. പി. ശ്രീരാമകൃ ഷ്ണൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയിലൂടെ പറഞ്ഞത് ഈ കോളേജുകൾ പൂട്ടണ മെന്ന കോടതി വിധിയില്ലെന്നാണ്. കോടതി വിധി വന്നത് ജൂൺ മാസം 28-ാം തീയതിയാണ്. ഈ ദിവസം വരെയായിട്ടും ബഹുമാനപ്പെട്ട വിദ്യാ ഭ്യാസ വകുപ്പുമന്ത്രി എന്തുകൊണ്ട് ഈ കോടതി വിധി നോക്കിയില്ല? എന്റെ കയ്യിൽ ഈ കോടതി വിധിയുണ്ട്. അതിൽ പറയുന്നത്, We are of the view that those colleges which do not have atleast average 40% pass for the students in the last three years should be odered to be closed down എന്നാണ്. ഗവൺമെന്റ് ചെയ്യാനാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇങ്ങനെ ചെയ്താൽ 105 സ്വാശ്രയ കോളേജുകളിൽ 70 കോളേജുകൾ

കോടതി വിധിപ്രകാരം പൂട്ടേണ്ടിവരും. ഇത് സംസ്ഥാനത്ത് ഗുരുതരമായ സ്ഥിതിവിശേഷമാണ് ഉണ്ടാക്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കോടതി പറഞ്ഞിരിക്കുന്നത് ഇത്തവണ അഡ്മിഷൻ നടത്തുമ്പോൾ ഈ കോളേജുകൾ കഴിഞ്ഞ 3 വർഷത്തെ പരീക്ഷാഫലം വെബ്സൈറ്റിൽ നൽകണമെന്നാണ്. 3 വർഷത്തെ പരീക്ഷാഫലം വെബ്സൈറ്റിൽ നൽകാതെ പൂട്ടണമെന്ന് നിർദ്ദേശിക്കപ്പെടുന്ന കോളേജുകളിലേയ്ക്ക് ഇപ്പോൾ വീണ്ടും അഡ്മിഷൻ ആരംഭിച്ചിരിക്കുകയാണ്. അതാണ് ഇവിടെ അടിയന്തിരസാഹചര്യം വന്നത്. അതിനകത്ത് ഞങ്ങൾ ഇടപെടുമെന്നു പോലും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ പറഞ്ഞില്ല. ഇവിടെ മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സഖാവ് എം.എ.ബേബി ഒരു ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് 'എൻട്രൻസ് പരീക്ഷ എഴുതിക്കഴിഞ്ഞാൽ മതി, ഇനി ആർക്കും പ്രവേശനം ആയിയെന്ന്'. ക്വാളിഫൈ ചെയ്യേണ്ടതില്ല. വിദ്യാർത്ഥിപ്രവേശനത്തിന് മുമ്പ് നിശ്ചയിച്ച യോഗ്യതപോലും എടുത്തുകളഞ്ഞു. മാനേജുമെന്റുകൾ നടത്തുന്ന എൻട്രൻസ് പരീക്ഷയെഴുതുന്ന ഏതൊരു വിദ്യാർത്ഥിക്കും, യോഗ്യതയില്ലാത്ത വിദ്യാർത്ഥികൾക്കും എഞ്ചിനീയറിംഗ് പ്രവേശനം നടത്താൻ സാധിക്കുന്ന ഒരു അവസ്ഥയുണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. ഇതിലൂടെ വമ്പിച്ച വിദ്യാഭ്യാസ കച്ചവടത്തിന് ഈ സർക്കാർ കളമൊരുക്കിയിരിക്കുകയാണ്. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉന്നയിച്ചിരിക്കുന്ന ആരോപണം അതാണ്. ഇങ്ങനെ ഉണ്ടാക്കിയ കരാർ ഇപ്പോഴത്തെ കോടതി വിധിയുടെ ലംഘനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഒരു വിരൽ ഞങ്ങൾക്കെതിരായി ചൂണ്ടുമ്പോൾ

നിങ്ങൾക്കെതിരായി നാല് വിരൽ ചൂണ്ടുമെന്നാണ്. ഈ കോടതി വിധി എങ്ങനെ വന്നു? ശ്രീ. എം.എ.ബേബി മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്ത്, 2010–11 കാലയളവിൽ എ.ഐ.സി.റ്റി. ഇ.. എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങാൻ എൻ.ഒ.സി. കൊടുത്തു. എൻ.ഒ.സി. കൊടുക്കാൻ എ.ഐ.സി.റ്റി. ഇ. എടുത്ത തീരുമാനത്തിന് സംസ്ഥാന സർക്കാർ അംഗീകാരം കൊടുത്തില്ല. അംഗീകാരം ആദ്യം എ.ഐ.സി.റ്റി.ഇ. ആണ് കൊടുക്കുന്നത്; പിന്നെ സർവ്വകലാശാലയാണ്; അതുകഴിഞ്ഞ് ഗവൺമെന്റാണ് കൊടുക്കുന്നത്. അത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ് പറഞ്ഞത് ശരിയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എ.ഐ.സി.റ്റി. ഇ. അംഗീകാരം കൊടുത്ത കോളേജുകൾക്ക് സർക്കാർ അംഗീകാരം കൊടുത്തില്ല, കാലിക്കട്ട് യൂണിവേഴ്സിറ്റി അംഗീകാരം കൊടുത്തില്ല. ഇതിനെതിരായി ഹൈക്കോടതിയിൽ മാനേജുമെന്റ് പോയപ്പോഴാണ് ഈ കോടതി വിധിയുണ്ടായിട്ടുള്ളത്. .............(ബഹളം)..........അതാണ് ഈ കോടതി വിധി. (കോടതിവിധി ഉയർത്തിക്കാട്ടി). ഞാൻ ഈ കോടതിവിധി സഭയിൽ സമർപ്പിക്കാം. ഈ കോടതി വിധി സംബന്ധിച്ച് സർക്കാരിനെതിരായി മാനേജുമെന്റ് പോയ സന്ദർഭത്തിലാണ് കോടതി ഇത് പരിശോധിക്കാൻ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് സി.എൻ. രാമചന്ദ്രൻ നായരും ബാബു മാത്യുവും കൂടിയിട്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി ഇതുസംബന്ധിച്ച് പരിശോധിക്കാൻ തീരുമാനിച്ച് ജഡ്ജുമെന്റ് പുറപ്പെടുവിച്ചത്. ഈ ജഡ്ജുമെന്റിൽ വളരെ പ്രസ്കതമായിട്ടുള്ള ചില കാര്യങ്ങൾ പറയുന്നുണ്ട്; ഞാൻ അതൊന്നും സമയമില്ലാത്തതുകൊണ്ട് ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. അവർ വ്യക്തമായി കാര്യങ്ങൾ പറഞ്ഞിരിക്കു

കയാണ് എന്റെ അഭിപ്രായത്തിൽ വിദ്യാർത്ഥി സമൂഹത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന ഒരു കോടതി വിധിയാണിത്; പഠനനിലവാരം ഉയർത്താൻ സഹായകമായൊരു കോടതി വിധിയാണിത്. സ്വാശ്രയ കോളേജുകളെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു , ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് സ്വാശ്രയ കോളേജുകൾ ആരംഭിച്ചതെന്ന്. അന്ന് ഞങ്ങൾ ആദ്യം ഇതിനെ ശക്തമായി എതിർത്തതാണ്. പക്ഷേ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി അന്നു പറഞ്ഞത് 2 സ്വാശ്രയ കോളേജുകൾ വന്നാൽ ഒരു ഗവൺമെന്റ് കോളേജിന് തുല്യമായിരിക്കുമെന്നാണ്. മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിയുടെ വാക്ക് വിശ്വസിച്ചുകൊണ്ട് ഞങ്ങളും അതിനെ പിന്തുണച്ചു. ഇന്ന് ഞങ്ങൾ തിരിഞ്ഞുനോക്കുമ്പോൾ അന്ന് ഞങ്ങൾ അതിനെ അനുകൂലിക്കാൻ പാടില്ലായിരുന്നു എന്നു തോന്നുന്നു. ഇത് കേരളത്തിൽ പറ്റിയിരിക്കുന്ന ഏറ്റവും വലിയൊരു അബദ്ധമാണ്. സ്വാശ്രയ കോളേജുകൾ ആരംഭിക്കാൻ അനുവാദം കിട്ടിയതോടെ മാനേജുമെന്റുകാർ തനിനിറം പ്രകടിപ്പിക്കാൻ തുടങ്ങി. അന്ന് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി തന്നെ പറഞ്ഞത് എന്നെ ചതിച്ചുവെന്നാണ്. അന്ന് സ്പീക്കറായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ മാനേജുമെന്റുകൾ എടുക്കുന്ന ഈ കള്ളക്കളിക്കെതിരെ വളരെ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. പുഷ്പഗിരി കോളേജ് മാനേജുമെന്റ് എടുത്ത നിലപാട് സംബന്ധിച്ച് അന്ന് അദ്ദേഹം ചെയറിലിരുന്നുകൊണ്ട് ശക്തമായ നിലപാട് സ്വീകരിച്ചതിനെക്കുറിച്ച് ഞാൻ ഇപ്പോൾ അഭിമാനത്തോടുകൂടി ഓർക്കുകയാണ് അന്നുതന്നെ നമുക്ക് ആശങ്കയുണ്ടായിരുന്നു. അന്ന് ശ്രീ. വക്കം പുരുഷോത്തമൻ ചെയറിലിരുന്നുകൊണ്ട് പ്രകടിപ്പിച്ച ആശങ്ക ഇന്ന് ശരിയായിരിക്കുകയാണ്. അന്നത്തെ മുഖ്യ

മന്ത്രി ശ്രീ. എ. കെ. ആന്റണി പിന്നീട് പറഞ്ഞതുപോലെ, ഈ മാനേജുമെന്റു കളെല്ലാം ചേർന്ന് ഞങ്ങളെ പറ്റിച്ചു. അതിന്റെ ഭീകരമായ രൂപമാണ് ഇന്ന് ഹൈക്കോടതി വരച്ചുകാണിച്ചിട്ടുള്ളത്. നിലവാരം വേണമെന്ന് ഹൈക്കോടതി പറയുന്നു. നിലവാരം വേണമെന്നുള്ളതുകൊണ്ട് ശ്രീ. പി. കെ. അബ്ദു റബ്ബ് എന്താണ് ചെയ്യാൻ തീരുമാനിച്ചത്? കുറെ എം.ടെക് കോഴ്സുകൾ കൊടു ക്കാൻ തീരുമാനിച്ചു. എവിടെയാണ് എം.ടെക് കോഴ്സ് കൊടുക്കുന്നത്? കോടതി നിലവാരമില്ലെന്ന് പറഞ്ഞ കോളേജുകൾക്ക് എം.ടെക് കോഴ്സ് കൂടി കൊടുത്തു. നാല് ശതമാനം വിജയമുള്ള എഞ്ചിനീയറിംഗ് കോളേജിൽ എം.ടെക് കോഴ്സ് കൂടി കൊടുത്ത് നിലവാരം ഉയർത്താൻവേണ്ടി തീരുമാ നിച്ച ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ മുമ്പിൽ ഞാൻ നമസ്ക്കരി ക്കുകയാണ്. ഇവിടെ സ്വാശ്രയ മാനേജുമെന്റുകൾ.................

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബഹുമാ നപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഞാൻ പറഞ്ഞത് പുതിയ കോഴ്സുകൾ നിലവാരമുള്ള കോളേജുകൾക്കുമാത്രമേ കൊടുക്കുകയുള്ളൂവെന്നാണ്. നിലവാരമുള്ള കോളേജുകളിൽ കൂടുതൽ എം.ടെക് കോഴ്സുകൾ കൊടുത്ത് എം.ടെക് യോഗ്യതയുള്ളവരെ കൊണ്ടു വരുമെന്നാണ് പറഞ്ഞത്. പറഞ്ഞതിന്റെ ഒരു ഭാഗം മാത്രമെടുത്തിട്ട് മറ്റൊരു ഭാഗം മറച്ചുവച്ചാണ് പ്രതിപക്ഷ ഉപനേതാവ് സംസാരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടത്തെ 105 കോളേജു കളിൽ 70–ഓളം കോളേജുകൾക്ക് നിലവാരമില്ലാത്ത കോളേജുകളാണെ ന്നാണ് പഠന റിപ്പോർട്ടിലൂടെ പുറത്തുവന്നിട്ടുള്ളത്. നിങ്ങളുടെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 24 കോളേജുകളിൽ നടത്തിയ പരിശോധനയിൽ 4

കോളേജുകൾക്ക് മാത്രമേ നിലവാരമുള്ളൂ, യോഗ്യതയുള്ള അദ്ധ്യാപകരും പശ്ചാത്തല സൗകര്യങ്ങളുമില്ലായെന്ന് പറയുകയുണ്ടായി. നമ്മൾ സ്വാശ്രയ കോളേജുകൾക്ക് അനുവാദം കൊടുത്തത് കൂടുതൽ സൗകര്യമുള്ള കോളേജുകൾ സംസ്ഥാനത്ത് വരട്ടെയെന്ന് വിചാരിച്ചാണ്. അതൊരു ചൂഷണത്തിന്റെ മേഖലയായി മാറിയെന്നാണ് ഹൈക്കോടതി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഹൈക്കോടതി വിധി ഒരു നിമിത്തമായിയെടുത്ത് ഈ വിഷയത്തിൽ നമ്മൾ ഇടപെടണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറുണ്ടോ; ഈ സർക്കാർ തയ്യാറുണ്ടോ? ഇതൊരു അവസരമായിട്ടെടുക്കണം. ഈ മാനേജുമെന്റുകളെ നിയന്ത്രിക്കാൻ വേണ്ടിയുള്ള അവസരമാണിത്. അതിനുപകരം ഇഷ്ടംപോലെ, അഴിമതി കാണിക്കാൻ മാനേജുമെന്റിന് കൂട്ടുനിൽക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റേയും ഈ സർക്കാരിന്റെയും നിലപാടിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ.കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. സി. ദിവാകരൻ</u> : സർ, കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള അതീവ ഗുരുതരമായ പ്രശ്നമാണ് ഇന്ന് അടിയന്തര പ്രമേയത്തിലൂടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ ഉന്നയിച്ചത്. ആ വിഷയത്തിന്റെ പ്രധാനപ്പെട്ട ഒരു കാര്യം കോടതി വിധിയാണ്. കോടതി വിധി ഭരണകക്ഷിക്കോ പ്രതിപക്ഷത്തിനോ നിഷേധിക്കാനാവില്ല. കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള നടപടികളെടുക്കാൻ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ യോജിച്ചുനിൽക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി

യോജിക്കുന്നു. എന്നാൽ ഈ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന കാര്യം സഭയിൽ ചർച്ച ചെയ്താൽ ഒരു അപകടവുമില്ല. എന്തുകൊണ്ടാണ് ചർച്ചയ്ക്ക് നിങ്ങൾ സമ്മതിക്കാത്തത്? കോടതിവിധിയുടെ അടിസ്ഥാനത്തിൽ യോഗ്യതയുള്ള കോളേജാണോ, പരീക്ഷാ സമ്പ്രദായങ്ങൾ ക്രമത്തിനാണോ നടക്കുന്നത്, അവിഹിതമായി കോളേജുകൾ അനുവദിക്കുന്നുണ്ടോ, നിലവാരത്ത കർച്ചയ്ക്ക് ഗവൺമെന്റ് കൂട്ടുനിൽക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരി ശോധിക്കണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി, ഇപ്പുറത്തിരിക്കുന്നവർ കുഴപ്പം കാണിച്ചതിനേക്കാൾ കൂടുതൽ കുഴപ്പം കാണിക്കാൻ നിൽക്കുകയാ ണെന്നുള്ള രീതിയിൽ പറയുന്ന ന്യായമൊന്നും ശരിയായ ന്യായങ്ങളല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് ഈ പ്രശ്നത്തിൽ ഇടപെട്ടിരിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തകർച്ചയെക്കുറിച്ച് ഹൈക്കോട തിയുടെ കമന്റ് വിദ്യാഭ്യാസ രംഗത്തുള്ള എല്ലാവർക്കും വളരെ അപമാനകര മാണ്. സാക്ഷരതയിൽ ഉന്നതനിലവാരം പുലർത്തുന്ന വിദഗ്ദ്ധരായ വിദ്യാ ഭ്യാസ മന്ത്രിമാരും വിദ്യാഭ്യാസ വകുപ്പുമുള്ള കേരളത്തിലെ വിദ്യാഭ്യാസ രംഗം കുത്തഴിഞ്ഞിരിക്കുകയാണ്. പ്രത്യേകിച്ച് പ്രൊഫഷണൽ കോളേജു കൾ, അതിൽ പ്രത്യേകിച്ച് എഞ്ചിനീയറിംഗ് കോളേജുകൾ എന്ന കാര്യം മറ ക്കരുത്. ആർക്കും പ്രവേശനം കിട്ടും; എഞ്ചിനീയറിംഗ് കോളേജ് അനുവദി ക്കുന്നതിന് ഒരു നിബന്ധനയുമില്ല; ഒരു മാനദണ്ഡവുമില്ല എന്ന നിലപാടി ഇന്ന് വന്നിരിക്കുകയാണ്. അങ്ങനെയൊരു നിരീക്ഷണമാണ് കോടതി നട ത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട അബ്ദു റബ്ബ് ഒരു കാര്യം മനസ്സിലാ ക്കണം. ഇത് ഞങ്ങൾ കൊണ്ടുവന്ന ആരോപണങ്ങളല്ല. കോടതിയുടെ വിധി യാണ്. നിലവാരമില്ലാത്ത കോളേജുകൾ അടച്ചുപൂട്ടാൻ നടപടിയെടുക്കണ

മെന്ന് കോടതിയാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതിന് ഗവൺമെന്റിന് രണ്ടുമാസത്തെ അൾട്ടിമേറ്റം കൊടുത്തിരിക്കുകയാണ്. രണ്ടുമാസത്തിനകം അടച്ചുപൂട്ടി റിപ്പോർട്ട് ചെയ്യാനാണ് പറഞ്ഞിരിക്കുന്നത്. അത്തരമൊരു പ്രശ്നം സഭയിൽ കൊണ്ടുവന്നാൽ നിങ്ങളെപ്പോലെയുള്ള പരിണതപ്രജ്ഞ രായ മന്ത്രിമാരും എം.എൽ.എ–മാരും കൂടി ചർച്ച ചെയ്യുന്നതിനെ ബഹുമാന പ്പെട്ട മുഖ്യമന്ത്രി എന്തുകൊണ്ടാണ് ഭയക്കുന്നതെന്ന് എനിക്ക് മനസ്സിലാകു ന്നില്ല. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നിലവാരത്തിലുള്ള വിദ്യാഭ്യാസ നയം ഇവിടെ അംഗീകരിക്കുന്നില്ല എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സും മുസ്ലീംലീഗും തമ്മിലുള്ള അഭിപ്രായവ്യത്യാസമാണോ കേന്ദ്ര ത്തിന്റ നയം നിങ്ങൾ അംഗീകരിക്കില്ല എന്ന് പറയുന്നത്? ആ വിഷയങ്ങള ടക്കം സഭയിൽ ചർച്ച ചെയ്യാം. അതിനാണ് സഭ കൂടുന്നത്. ചില കാര്യ ങ്ങൾ ചർച്ച ചെയ്യാൻ പാടില്ല എന്നുമാത്രമല്ല, അടിയന്തര പ്രമേയം ഉന്നയി ക്കുന്ന സഭാംഗത്തിന്റെ നേർക്ക് അങ്ങ് ഉന്നയിച്ച ആരോപണം തന്നെ വളരെ നിർഭാഗ്യകരമായിപ്പോയി എന്ന കാര്യം പറയാതരിക്കാൻ നിവൃത്തിയില്ല. ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേ ഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഇതിൽ പ്രസക്തമായ വിഷയത്തിന് സർക്കാർ ഇതുവരെ മറുപടി പറഞ്ഞിട്ടില്ല. 40 ശതമാനത്തിൽ താഴെ വിജയ ശതമാനമുള്ള കോളേജുകൾ അടച്ചുപൂട്ടാൻ ഉത്തരവിറക്കാനാണ് കോടതി പറഞ്ഞിരിക്കുന്നത്. കോടതി ഉത്തരവ് പാലിക്കാൻ സർക്കാർ തയ്യാറുണ്ടോ? കഴിഞ്ഞ മൂന്ന് അദ്ധ്യയന വർഷത്തെ പരീക്ഷാഫലം വിലയിരുത്തിയതിനു

ശേഷമാണ് ഹൈക്കോടതി ഈ വിധി പറഞ്ഞിരിക്കുന്നത്. കോടതി വിധി കിട്ടിയില്ല എന്ന ഒരു ന്യായമാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കോടതി വിധി പ്രതിപക്ഷത്തിന്റെ കയ്യിൽ കിട്ടിയിട്ടുപോലും അതിവേഗം പ്രവർത്തിക്കുന്ന സർക്കാരിന്റെ കൈവശം കിട്ടിയിട്ടില്ല. ഇവിടെ കോടതി ചൂണ്ടിക്കാണിച്ച കോളേജുകൾ അടച്ചുപൂട്ടാൻ സർക്കാർ തയ്യാറാണോ, അതോ കോടതി വിധിക്കെതിരെ മറ്റ് നിയമനടപടികൾ സ്വീകരിക്കുമോ? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും നിശബ്ദരാണ്. കോടതി വിധി പാലിക്കാൻ സർക്കാർ തയ്യാറാണോ? ഇവിടെ ആശങ്കയുണർത്തുന്ന വിഷയമെന്നു പറയുന്നത്, ഹൈക്കോടതി പൂട്ടാൻ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് ഇപ്പോൾ പ്രവേശനം നടത്തിക്കൊണ്ടിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അങ്ങയെപ്പോലെ ഒരാൾ ഇങ്ങനെ സംസാരിക്കുന്നത് വളരെ നിർഭാഗ്യകരമാണ്. കോടതി വിധി എന്താണെന്നുള്ളത് അങ്ങ് നോക്കണം. 'മോശം കോളേജുകളുടെ നിലവാരം ഒരു വർഷം സർക്കാരും സർവ്വകലാശാലകളും നിരീക്ഷിക്കുകയും വിലയിരുത്തുകയും വേണം. ഈ കാലയളവിൽ കോളേജിന് നിലവാരമുയർത്താനായില്ലെങ്കിൽ അവ പൂട്ടുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്നാണ് നിർദ്ദേശം. രണ്ട് മാസത്തിനകം റിപ്പോർട്ട് കൊടുക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്' എന്നാണ്. എന്തും പറയാമെന്ന് വരുന്നത് ശരിയല്ല. അങ്ങ് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇടപെട്ടത്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എം. എ. ബേബിയുമൊക്കെ കാര്യങ്ങൾ മനസ്സിലാക്കിയിട്ടും തെറ്റായ രീതിയിലാണ് കാര്യങ്ങൾ ഇവിടെ പറഞ്ഞുകൊണ്ടിരുന്നത്. ഗവൺമെന്റിനോട് രണ്ടുമാസത്തിനകം ഇത് സംബന്ധിച്ച റിപ്പോർട്ട് കൊടുക്കുക; നിലവാരം

കുറഞ്ഞ കോളേജുകളുടെ കാര്യം ഒരു വർഷക്കാലം ഗവൺമെന്റും സർവ്വകലാശാലയും നിരീക്ഷിച്ചശേഷം നടപടിയെടുക്കുക എന്നാണ് വിധി. കോടതി വിധി ഗവൺമെന്റ് നടപ്പിലാക്കും. ഇത് ഒരവസരമാക്കിക്കൊണ്ടു തന്നെ എല്ലാ നടപടികളുമായി മുന്നോട്ടുപോകും.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ അങ്ങ് വായിക്കുന്നത് പത്ര റിപ്പോർട്ടുകളാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ വായിച്ചത് കോടതി വിധിയാണ്. Those institutions should be ordered to be closed എന്ന വാചകമാണ് കോടതി വിധിയിൽ നിന്ന് അദ്ദേഹം ഉദ്ധരിച്ചത്. ഗവൺമെന്റിന്റെ കൈവശം കോടതി വിധി ഇല്ല. ഗവൺമെന്റിന്റെ കൈവശം കോടതി വിധി ഇല്ലാത്തപ്പോൾ അങ്ങ് പത്ര റിപ്പോർട്ടുകളെ ആശ്രയിച്ച് വായിക്കുന്നു. പ്രതിപക്ഷ ഉപനേതാവ് കോടതി വിധി വായിച്ചു. അങ്ങ് പറഞ്ഞ വ്യാഖ്യാനമാണെങ്കിൽ വിദ്യാർത്ഥികൾക്ക് കുറച്ച് ആശ്വാസകരമാണ്. ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളെ എവിടെ പഠിപ്പിക്കാൻ കഴിയുമെന്ന് പരിശോധിക്കണമെന്ന് സർക്കാരിനോട് കോടതി നിർദ്ദേശിച്ചിരിക്കുകയാണ്. ആ വിഷയത്തിൽ അങ്ങും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞിട്ടില്ല. അവിടെ പഠിക്കുന്ന കുട്ടികളുടെ ഭാവി സംബന്ധിച്ച് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ആശങ്കയുണ്ട്, ഈ സഭയ്ക്ക് ആശങ്കയുണ്ട്. പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് പഠനം തുടരാനുള്ള സാഹചര്യമുണ്ടാകണമെന്ന കാര്യത്തിൽ ഗവൺമെന്റിനുള്ള ആശങ്ക പ്രതിപക്ഷവും പങ്കുവയ്ക്കുകയാണ്. ഇവിടെയുള്ള പ്രശ്നം, ഇപ്പോൾ അടച്ചുപൂട്ടാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കോളേജുകളിൽ രണ്ടുമാസത്തിനകം നടപടിയുണ്ടായാൽ നല്ലത്. നിലവാര

ത്തിലേയ്ക്ക് അവർ ഉയർന്നുവരുമെങ്കിൽ വളരെ നല്ലത്. അല്ലെങ്കിൽ അവിടെ പുതുതായി പ്രവേശനം നേടുന്ന കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകും. ഇത് ഗൗരവമായ പ്രശ്നമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നിലപാടുകളെടുക്കാൻ, കോടതി വിധിയിൽ എങ്ങനെ പ്രതികരിക്കണമെന്നതിനെ സംബന്ധിച്ച് ഒരു നിലപാട് അറിയിക്കാൻ സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ.എ. അസീസ്: സർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ച യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ നയം മാറ്റത്തിന്റെ ഫലമായിട്ടാണെന്നാണ് എനിക്ക് പറയാനുള്ളത്. മുൻകാലത്ത് സംസ്ഥാനത്ത് എൻട്രൻസ് പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് 50 ശതമാനത്തിൽ കുറഞ്ഞ മാർക്കെങ്കിലും ലഭിച്ചാൽ മാത്രമേ അവർക്ക് പ്രവേശനം ലഭ്യമാകുമായിരുന്നുള്ളൂ. എന്നാൽ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകൾ കുമിൾ പോലെ മുളച്ചതിനുശേഷം ആ മാനേജ്മെന്റുകളുടെ സമ്മർദ്ദം മൂലമാണ് 50 ശതമാനം മാർക്കുകൊണ്ട് എൻട്രൻസ് പരീക്ഷയിൽ തല കാണിക്കുന്നവർക്കെല്ലാം എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം ആകാമെന്ന നില വന്നത്. ഈ ഗവൺമെന്റിന്റെ ഉത്തരവിന്റെ ഫലമാണ് ഈ തകർച്ചയുടെ അടിസ്ഥാനം. അതാണ് പിൻവലിക്കേണ്ടത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : അമ്പത് ശതമാനം എന്നുതന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. എ. എ. അസീസ്: അടിസ്ഥാനപരമായി എൻട്രൻസ് പരീക്ഷയിൽ പങ്കെടുക്കുന്ന ആളുകൾക്കെല്ലാം അഡ്മിഷൻ ലഭിക്കാമെന്നുള്ളതാണെങ്കിൽ അത് തെറ്റായ നടപടിയാണ്. അത് ഈ മേഖലയിലെ തകർച്ചയ്ക്ക് അടിസ്ഥാനപരമായ ഒരു കാരണമാണ്. അതോടൊപ്പം കോടതിയുടെപരാമർശത്തിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടൽ നടപടി അതിവേഗം നടപ്പാക്കുക എന്നത് ശരിയായ നടപടിയല്ല. എന്നിരുന്നാലും അവിടെ പുതിയതായി അഡ്മിഷൻ ആരംഭിക്കുന്നതിനുമുമ്പ് അത് പരിശോധിക്കാൻ ഗവൺമെന്റിന് കഴിയുമായിരുന്നു. അത് പരിശോധിക്കാതിരുന്നത് തെറ്റായ നടപടിയാണ്. ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇവിടെ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളാകെ അമ്പരപ്പിലാണ്. 70 കോളേജുകൾ നിലവാരമില്ലാത്ത കോളേജുകളാണെന്നും അത് അടച്ചുപൂട്ടേണ്ടതാണെന്നുമാണ് കോടതി പറഞ്ഞിരിക്കുന്നത്.. കോടതി വിധി കണ്ടിട്ടില്ല, കിട്ടിയിട്ടില്ല എന്നാണ് ഗവൺമെന്റ് പറയുന്നത്. അത് വിശ്വസിക്കാതിരിക്കാൻ നിവൃത്തിയില്ല. പ്രതിപക്ഷത്തിന്റെ കൈവശം കോടതി വിധി കിട്ടുകയും സർക്കാരിന് അത് കിട്ടിയിട്ടില്ല എന്നും പറയുന്നത് സർക്കാരിന്റെ തികഞ്ഞ കാര്യക്ഷമതയില്ലായ്മയാണ്. ഈ പ്രശ്നം നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ചയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അത് ചർച്ച ചെയ്താൽ നിലവാരത്തകർച്ച കൂടുമോ അതല്ല

നിലവാരം കൂട്ടാൻ സഹായിക്കുമോ? നിലവാരം കൂട്ടാൻ സഹായകരമായ ഒരു ചർച്ചയ്ക്കുവേണ്ടിയാണ് ഞങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. അത് ചർച്ച ചെയ്യുകയില്ല എന്ന സർക്കാരിന്റെ നിലപാട് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ആ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി)

(ക്രമപ്രശ്നം)

* * * * * * * * * * * * * * *